ശ്രീ. ടി. വി. തോമസ്: ഈ റിപ്പോർട്ട് വേദപുസ്തകംപോലെയാണ്. ആക്ട് വേണമെങ്കിലും ഉദ്ധരിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, എന്റെ ചോദ്യത്തിന് ഉത്തരം കിട്ടിയില്ല.

മി. സ്പീക്കർ: എല്ലാസ്ഥലത്തും കാർഷികസർവ്വകലാശാല സ്ഥാപിക്കണമെന്ന നിവേദനം ഉണ്ടായിട്ടുണ്ട്. എല്ലാം പരിഗണിക്കാമെന്നും പറഞ്ഞുകഴിഞ്ഞു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: തൃശ്ശൂരിലെ കാര്യം പരിഗണിക്കാം, നിവേദനങ്ങൾ തന്നാൽ നോക്കാം എന്നൊക്കെ പറഞ്ഞു. ഞാനാണെങ്കിൽ സ്ഥലം തരാമെന്നു പറഞ്ഞിട്ടുപോലും ബഹുമാനപ്പെട്ട മന്ത്രി .....

ശ്രീ. ടി. വി. തോമസ്: അതും പരിഗണിക്കാം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഇത്ര പ്രാധാന്യമുള്ള ഈ റിപ്പോർട്ട് മെമ്പർമാർക്ക് ലഭിക്കുന്നതിനുവേണ്ടി നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുമോ ?

ശ്രീ. ടി. വി. തോമസ്: വിതരണം ചെയ്യാം.

സൈനിക സർവ്വീസുള്ള സർക്കാർ ജീവനക്കാർ

2. [2] ശ്രീ. പി. കെ. കുഞ്ഞച്ചൻ.
,, എം. കെ. ജോർജ്ജ്
,, എ. പി. കുര്യൻ
,, എസ്സ്. ദാമോദരൻ
,, ടി. കെ. രാമകൃഷ്ണൻ
,, പാലൊളി മുഹമ്മദ്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1–4–1946–നുശേഷം സൈനിക സർവ്വീസുള്ള സർക്കാർ ജീവനക്കാർ എത്രപേരുണ്ട്;

(ബി) സൈനിക സർവ്വീസ് സിവിൽ പെൻഷൻ ഉള്ളവരുടെ കാര്യത്തിൽ കണക്കാക്കുന്നില്ലെന്നുള്ളത് ശരിയാണോ;

(സി) സൈനിക സർവ്വീസ് പരിഗണിക്കുമെങ്കിൽ 1-4-1946-നു ശേഷമുള്ള സൈനിക സർവ്വീസിന്റെ പെൻഷനറി ചെലവ് പ്രതിരോധവകുപ്പ് വഹിക്കാമെന്ന് 1–4–1964–ലെ ഇ. 3 (71) ഇ. ആർ. (എ) 163 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നുള്ളത് ശരിയാണോ;

(ഡി) ശരിയാണെങ്കിൽ ആ സഹായം വാങ്ങി ഈ വിഭാഗക്കാർക്ക് വേണ്ട ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഗവണ്മെന്റിന്റെ 24–7–1969–ലെ പി. 214 ഉത്തരവു അനുസരിച്ച് 1–4–1946–നു ശേഷമുള്ള സൈനിക സർവ്വീസ് ചില നിബന്ധനകൾക്ക് വിധേയമായി സിവിൽ പെൻഷന് കണക്കാക്കുന്നതാണ്.

(സി) പ്രസ്തുത നമ്പരും തീയതിയുമുള്ള ഉത്തരവ് കിട്ടിയിട്ടില്ല. പക്ഷേ പ്രതിരോധവകുപ്പിന്റെ 28–3–1964–ലെ 9 (1) /64/3453 (പെൻഷൻ/സർവ്വീസസ്സ്) ഉത്തരവ് സൈനിക സർവ്വീസുള്ളവരുടെ പെൻഷനറി ചെലവിന്റെ വിഹിതം ആ വകുപ്പ് വഹിക്കാമെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരമാണ് (ബി) ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന ഉത്തരവു നിലവിൽവന്നത്.

(ഡി) 'സി' ചോദ്യത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ഉപചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഡിഫൻസ് ഡിപ്പാർട്ടമെന്റിൽനിന്ന് പെൻഷനു് ഉള്ള കോൺട്രിബ്യൂഷൻ തരികയാണെങ്കിൽ നമ്മുടെ സ്റ്റീസും ആ സ്റ്റീസും കൂടി കണക്കിലെടുത്തു് പെൻഷൻകൊടുക്കാമെന്നാണോ ഗവണ്മെന്റിന്റെ തീരുമാനം?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു്): ആ ഉത്തരവിന്റെ മുഴുവൻ കോപ്പിയും നോക്കിയാലേ പറയാൻ കഴിയൂ.

തമിഴ്നാടു് നദീജലത്തക്കം

3. [3] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടമായി ഉണ്ടായിരുന്ന നദീജലത്തക്കം ഒത്തുതീർപ്പിലെത്തിയതായി പത്രങ്ങളിൽ വന്ന വാർത്ത ശരിയാണോ;

(ബി) ശരിയാണെങ്കിൽ ഒത്തുതീർപ്പിലെ പ്രധാന വ്യവസ്ഥകളും വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) ശരിയാണു്.

(ബി) പ്രധാന വ്യവസ്ഥകളും താഴെ പറയുന്നവയാണു്.

1. തേക്കടി ഡാം തമിഴ്നാടു് ഗവണ്മെന്റു് ഉപേക്ഷിക്കും.

2. പറമ്പിക്കുളം പെരിയാർപ്പള്ളം തുണക്കടവു് നീരാർ റിസർവ്വായറുകളിൽ നിന്നും തമിഴ്നാടു് എടുക്കുന്ന വെള്ളം 16500 മില്യൻ ക്യൂബിക് അടിയിൽ കൂടുകയില്ല.

3. ആനമലയാറിൽ നിന്നും 2500 മില്യൻ ക്യൂബിക്കടി വെള്ളം തമിഴ്നാടു് ഗവണ്മെന്റു് പറമ്പിക്കുളത്തേയ്ക്കു് തിരിച്ചുവിടും. എന്നാൽ ഇതു് കേരളഗവണ്മെന്റിന്റെ ഇടമലയാർ പദ്ധതി പൂർത്തിയായതിനുശേഷമേ അനുവദിക്കുകയുള്ളൂ.

4. പറമ്പിക്കുളം പ്രോജക്ടിൽനിന്നും തമിഴ്നാടിന്റെ വിഹിതമായ 16500 മില്യൻ ക്യൂബിക്കടി കഴിഞ്ഞുള്ള 2500 ക്യൂബിക്കടി വെള്ളം കേരളം ഉപയോഗിക്കും. ഇതിലേക്കായി കേരള ഗവർണ്മെന്റിന്റെ ചെലവിൽ തമിഴ്നാട് ഗവണ്മെന്റു് സേതുമടൈകനാലിൽ നിന്നോ സർക്കാർപാതി പവ്വർഹൗസിൽ നിന്നോ ഒരു കനാൽ വെട്ടുന്നതാണു്. ഇതുംകഴിഞ്ഞു് മിച്ചമുള്ള ജലം ചാലക്കുടിയാറിൽതന്നെ വിടുന്നതായിരിക്കും.

5. ചിറ്റൂർ താലൂക്കിലേയ്ക്കു് അളിയാറിൽനിന്നും 7250 മില്യൻ ക്യൂബിക്കടി വെള്ളം നൽകുന്നതാണു്.

6. ഭവാനി നദിയിൽ നിന്നും 2500 മില്യൻ ക്യൂബിക്കടി വെള്ളം അട്ടപ്പാടിയിലെ ജലസേചനത്തിനായി കേരളത്തിനു ലഭിക്കും. എന്നാൽ ഇതു് ശിരുവാണി റിസർവോയറിന്റെ പണി പൂർത്തിയായതിനുശേഷമായിരിക്കും.

7. പാമ്പാർ പുഴയിൽനിന്നും 600 മില്യൻ ക്യൂബിക്കടി വെള്ളം കേരളത്തിലെ ജലസേചനത്തിനുപയോഗിക്കാം.

8. ഷോളയാറിൽ നിന്നും 12300 മില്യൻ ക്യൂബിക്കടി വെള്ളം കേരളത്തിലേക്കു വിടും.

9. പറമ്പിക്കുളം തൂണക്കടവ് പദ്ധതിയിൽ നിന്നു് കേരളത്തിന്റെയും തമിഴ്നാടിന്റെയും വിഹിതമായ വെള്ളം തിരിച്ചുവിടുന്നതു സംബന്ധിച്ചു നിയന്ത്രണത്തിനും തർക്കപ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നും വേണ്ടി ഒരു ബോർഡു് (വാട്ടർ റഗ്ലേഷൻ ബോർഡു്) രൂപീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly